**15 -ാം കേരള നിയമസഭ**

**10 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1392** **01-02-2024 - ൽ മറുപടിയ്ക്ക്**

**ആലിപ്പറമ്പ് ജി.എച്ച്.എസ്.എസ് കെട്ടിട നിർമ്മാണം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. നജീബ് കാന്തപുരം | | ശ്രീ വി ശിവൻകുട്ടി<br>(പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി) | |
| (എ) | ആലിപ്പറമ്പ് ജി.എച്ച്.എസ്.എസിൽ കെട്ടിട നിർമ്മാണത്തിന് കിഫ്ബിയിൽ ഉൾപ്പെടുത്തി അനുവദിച്ച പ്രവൃത്തി ആരംഭിക്കുന്നതിലുള്ള കാലതാമസം പരിശോധിച്ചിട്ടുണ്ടോ; | (എ) | പരിശോധിച്ചിട്ടുണ്ട്. ആലിപ്പറമ്പ് ജി.എച്ച്.എസ്.എസിൽ കെട്ടിട നിർമ്മാണത്തിന് feasibility study നടത്തിയപ്പോൾ KPBR 2019 പ്രകാരമുള്ള coverage issue ഉണ്ടായിരുന്നു. ഇത് പരിഹരിക്കുന്നതിനായി സ്കൂളിന്റെ പരിസരത്തുണ്ടായിരുന്ന ഒരു കുന്ന് ഇടിച്ച് മാറ്റുകയും മൊത്തത്തിൽ സർവ്വെ നടത്തുകയും coverage issue പരിഹരിക്കുന്നതിനുള്ള നടപടികൾ ബന്ധപ്പെട്ട തദ്ദേശസ്വയംഭരണ സ്ഥാപനം സ്വീകരിക്കുകയും ചെയ്തു. ഇതിനുശേഷമാണ് DPR തയ്യാറാക്കി കിഫ്ബിക്ക് സമർപ്പിക്കുന്നതിന് സാധിച്ചത്. ഇത്തരം പ്രവർത്തനങ്ങൾക്കുണ്ടായ കാലതാമസമാണ് സ്കൂളിന്റെ നിർമ്മാണം ആരംഭിക്കുന്നത് വൈകിപ്പിച്ചത്. |
| (ബി) | പ്രസ്തുത പദ്ധതിയുടെ നിലവിലെ സ്ഥിതി എന്താണെന്ന് വിശദമാക്കുമോ ? | (ബി) | ആലിപ്പറമ്പ് ഗവ.ഹയർസെക്കണ്ടറി സ്കൂളിന്റെ കെട്ടിടനിർമ്മാണത്തിനുള്ള DPR കിഫ്ബി അംഗീകരിച്ചു. സാങ്കേതിക അനുമതി ലഭിച്ചിട്ടുണ്ട്. കില Project Execution Document തയ്യാറാക്കി വരുന്നു. |

സെക്ഷൻ ഓഫീസർ